## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമുള്ള
ചോദ്യം നമ്പർ : 184

8.12.2015 ലെ മറുപടിക്ക്

**സഹകരണ ബാങ്കുവായ്പ വ്യവസ്ഥകൾ**

**ചോദ്യം**

**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**
**ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ അനുവദിക്കുന്ന കാര്യത്തിലും, തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്ന കാര്യത്തിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ.സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ അനുവദിക്കുന്ന കാര്യത്തിലും തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്ന കാര്യത്തിലും ഈസർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നടപടികൾ താഴെ പറയുന്നു.

1. വായ്പാ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന്, സമയപരിധി നിശ്ചയിച്ചും, വായ്പാ വിതരണ നടപടിക്രമങ്ങൾ ലഘൂകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

2. അംഗങ്ങൾക്ക് നൽകാവുന്ന വിവിധ ഇനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും വർദ്ധിപ്പിച്ചുകൊണ്ട് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു.

3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിടകച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ, മത്സ്യ വിൽപ്പനക്കാർ തുടങ്ങി അടിസ്ഥാന വർഗ്ഗക്കാരായ ആളുകൾക്ക് കൊള്ളപ്പലിശക്കാരിൽ നിന്നും ആശ്വാസം നൽകുന്നതിന് വായ്പകൾ അനുവദിക്കുന്നതിനും അനുമതി നൽകി.

---2

4. ആവശ്യമായ  സ്ഥലങ്ങളിൽ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ  രാത്രി 8 മണി വരെ ദീർഘിപ്പിക്കുന്നതിന സംഘങ്ങളുടെ/ ബാങ്കുകളുടെ പ്രവർത്തനം ഞായറാഴ്ച കൂടി പ്രവർത്തിപ്പിക്കുന്നതിനും അനുമതി നൽകി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

5. വിവിധ ഇനം വായ്പകളുടെ കാലാവധിയും, വായ്പാ തുകയും വർദ്ധിപ്പിച്ചും പലിശ നിരക്ക് പരിഷ്ക്കരിച്ചും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു.

6. വായ്പാ സംഘങ്ങൾ/ബാങ്കുകൾ റിസ്ക്ക് ഫണ്ട് പദ്ധതിയിൽ നിർബന്ധമായും ചേർന്നിരിക്കണമെന്ന് നിയമവ്യവസ്ഥ ഉൾപ്പെടുത്തി.

7. വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത വായ്പക്കാർക്ക് ഉദാര വ്യവസ്ഥകളോടെയും, ഇളവുകളോയും കൂടി വായ്പ തിരിച്ചടയ്ക്കുന്നതിന് ആശ്വാസ് പദ്ധതി നടപ്പാക്കി.

8. കാർഷിക വായ്പകൾ  കൃത്യമായി തിരിച്ചടയ്ക്കുന്നവരുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുകയും,  പലിശ രഹിത വായ്പ നൽകുകയും ചെയ്യുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പാക്കി.

| | |
|---|---|
| ബി) ബാങ്കുകളുടെ സൂക്ഷ്മത കുറവ് മൂലം റിസ്ക്ക് ഫണ്ട് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ മരണമടയുന്ന വായ്പക്കാരന്റെ കുടുംബത്തിന് ലഭിക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘത്തിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്ന് റിസ്ക്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ ഈ സർക്കാർ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം നടപടി സ്വീകരിച്ച് അർഹതപ്പെട്ടവർക്ക് റിസ്ക്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. കൂടാതെ റിസ്ക്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഏതെങ്കിലും സംഘങ്ങളുടെ മനഃപൂർവ്വമായ വീഴ്ച കാരണം ലഭ്യമാകാതെ വരുന്ന കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ